വെളിച്ചെണ്ണ വിതരണം നടത്തിയ വകയിലുണ്ടായ നഷ്ടം

569 [775] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തിക വർഷത്തിൽ വെളിച്ചെണ്ണ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് റേഷൻകടകൾവഴി വിതരണംചെയ്ത വകയിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, സബ്സിഡൈസ് ചെയ്ത് വിതരണം ചെയ്തതിൽ വന്ന നഷ്ടം എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിവിൽസപ്ലൈസ് കോർപ്പറേഷന് ഈ ഇനത്തിൽ 156 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഭക്ഷ്യധാന്യങ്ങൾ

570 [776] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഭക്ഷ്യ ആവശ്യത്തിനായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഭക്ഷ്യധാന്യങ്ങൾ എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1985-86 വർഷം അതിലേക്ക് സംസ്ഥാനം നൽകേണ്ടിവന്ന തുക എത്രയാണെന്ന് പറയാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഭക്ഷ്യധാന്യ മൊത്തവ്യാപാര സ്റ്റോറുകളുടെ നടത്തിപ്പ്

571 [777] ശ്രീ. ഒ. ഭരതൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, ടി. കെ. ഹംസ :
,, കോല്ലിയക്കോട് എൻ. കൃഷ്ണൻനായർ :
,, ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യധാന്യ മൊത്തവ്യാപാര സ്റ്റോറുകളും സിവിൽസപ്ലൈസ് കോർപ്പറേഷനും നടത്താൻ ആവില്ലെന്ന് തീരുമാനിച്ചിരുന്നുവോ ;

(ബി) മൊത്തവ്യാപാര ഡിപ്പോകളും സിവിൽസപ്ലൈസ് കോർപ്പറേഷൻ നടത്തുന്നതു വഴി മാത്രമേ അരിവിതരണത്തിലെ ക്രമക്കേടുകളും തടയാൻ കഴിയൂ എന്നും ഈ ഗവൺമെന്റിനു ഉപദേശം ലഭിച്ചിരുന്നുവോ ;

(സി) എങ്കിൽ ആ ഉപദേശത്തെ നിരാകരിച്ചിട്ട് സഹകാര്യ വ്യക്തികൾക്ക് മൊത്തവ്യാപാരം ഏൽപ്പിച്ചു കൊടുക്കാൻ തീരുമാനിച്ചതിന്റെ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻതന്നെ അപ്രകാരം ഒരു തീരുമാനം എടുത്തിട്ടുണ്ട്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) കോർപ്പറേഷന് മൊത്തവ്യാപാരം ഏറ്റെടുക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യത്തിലാണ് ഈ തീരുമാനമെടുത്തത്.

1986 ഏപ്രിൽ മുതൽ വിതരണംചെയ്ത അരി

572 [778] ശ്രീ. കെ. പി. എ. മജീദ് :

,, കൊരമ്പയിൽ അഹമ്മദ് ഹാജി :

,, പി. എം. അബൂബക്കർ :

,, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഏപ്രിൽ മുതൽ ഓരോ മാസവും വിതരണംചെയ്ത റേഷനരിയുടെ അളവെത്ര ;

(ബി) ഇപ്പോഴത്തെ റേഷൻഷോപ്പുകൾ വഴി വിതരണംചെയ്യുന്ന റേഷൻ അരിയുടെ തോതെത്ര ;

(സി) റേഷൻ അരിക്ക് പുറമേ നിയന്ത്രിത വിലയ്ക്ക് അരിവിതരണം ചെയ്യുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) 1986 ഏപ്രിൽ മുതൽ ഓരോ മാസവും വിതരണംചെയ്ത റേഷനരിയുടെ അളവ് താഴെ കൊടുക്കുന്നു :

ഏപ്രിൽ	1,24,023 ടൺ
മേയ്	1,23,109 ,,
ജൂൺ	1,43,010 ,,
ജൂലായ്	1,47,854 ,,

ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണംചെയ്ത അരിയുടെ കണക്ക് ഫുഡ് കോർപ്പറേഷനിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ ദിവസംപ്രതി പ്രായപൂർത്തിയായ ഒരാളിന് 220 ഗ്രാമും പ്രായപൂർത്തിയാകാത്ത ആളിന് 110 ഗ്രാമും വീതമാണ് റേഷൻ അരിയുടെ തോത്.

(സി) സാധാരണ റേഷനു പുറമേ നിയന്ത്രിത വിലയ്ക്ക് കാർഡ് ഒന്നിന് ഓരോ ആഴ്ചയിലും അധികമായി കൊടുക്കുന്ന അരിയുടെ വിവരം ചുവടെ ചേർക്കുന്നു.

(ഡി) 6-7-1986 മുതൽ 9-8-1986 വരെ ഒരു കിലോവീതം. 10-8-1986 മുതൽ 16-8-1986 വരെ രണ്ടുകിലോ വീതം. 17-8-1986 മുതൽ 6-9-1986 വരെ ഒരു കിലോവീതം. 7-9-1986 മുതൽ 20-9-1986-നകമുള്ള ഏതെങ്കിലും ഒരാഴ്ചയിൽ കാർഡൊന്നിന് 5 കിലോവീതം. 23-9-1986 മുതൽ തുടർച്ചയായി ആഴ്ചയിൽ ഒരു കിലോവീതം.

LIBRARY ARCHIVES Kerala Legislative Assembly